# AMCSFNCK – Admission to B.Sc. Nursing Course 2018-19

(Notification of DATES OF FINAL CENTRALISED COUNSELLING & SPOT ADMISSION)

2018–19 വർഷത്തെ ബി.എസ്.സി. നേഴ്സിംഗ് പ്രവേശനത്തിനുള്ള AMCSFNCK യുടെ **അവസാനഘട്ട കൗൺസലിങ്ങും അലോട്ട്മെന്റും പ്രവേശനവും 2018 സെപ്റ്റംബർ 25 (ചൊവ്വ), ഒക്ടോബർ 01 (തിങ്കൾ) ദിവസങ്ങളിലായി കൊച്ചിയിൽ കലൂരുള്ള റിന്യൂവൽ സെന്റർ ഓഡിറ്റോറിയത്തിൽ വച്ച് രാവിലെ 10 മുതൽ നടത്തുന്നതാണ്.** വിശദമായ നിർദ്ദേശങ്ങളും, കൗൺസിലിങ്ങിന്റെ സമയക്രമവും, കോളേജുകളിൽ ഒഴിവുകളുള്ള സീറ്റുകളെക്കുറിച്ചുള്ള വിവരങ്ങളും അസോസിയേഷൻ വെബ്സൈറ്റിൽ (www.amcsfnck.com) അടുത്ത ദിവസങ്ങളിൽ പ്രസിദ്ധീകരിക്കുന്നതാണ്. അറിയിപ്പുകൾക്കായി അപേക്ഷകർ വെബ്സൈറ്റ് (www.amcsfnck.com) പതിവായി സന്ദർശിക്കുക.

**Cancellation of Admission & Refund of Fees:** കേരള ഗവൺമെന്റ് ഓർഡറനുസരിച്ച് 2018 സെപ്തംബർ 24 വരെയാണ് അസോസിയേഷനു കീഴിലുള്ള കോളേജുകളിലേക്ക് L.B.S. Center വഴി ഗവൺമെന്റ് അലോട്ട്മെന്റുകൾ ലഭിച്ചവർക്ക് പ്രവേശനം നേടാനാകുക.

അതിനാൽ, ഏതെങ്കിലും കാരണത്താൽ ഇപ്പോൾ പ്രവേശനം നേടിയ കോളേജിൽ നിന്നും പ്രവേശനം റദ്ദ് ചെയ്ത് സർട്ടിഫിക്കറ്റുകൾ തിരികെ വാങ്ങാനാഗ്രഹിക്കുന്നവർക്ക് **2018 സെപ്തംബർ 24** വരെ അതിന് അവസരം ഉണ്ടായിരിക്കും. അപ്രകാരം പോകുന്നവർക്ക് പ്രവേശനഫീസായി 1,000/– രൂപ കഴിച്ച് ബാക്കി മുഴുവൻ ഫീസും തിരികെ കിട്ടുന്നതാണ്.

**എന്നാൽ 2018 സെപ്തംബർ 24 ന് മുമ്പ് L.B.S. Center** വഴി ഗവൺമെന്റ് അലോട്ട്മെന്റ് ലഭിച്ചതുകൊണ്ട് കോളേജിൽ നിന്നും T.C. (വിടുതൽ സർട്ടിഫിക്കറ്റ്) അപേക്ഷിക്കുന്നവർക്ക് പ്രവേശന ഫീസടക്കം മുഴുവൻ ഫീസും തിരികെ ലഭിക്കുന്നതാണ് (ഗവൺമെന്റ് അലോട്ട്മെന്റ് ഓർഡറിന്റെ കോപ്പിയും കൂടി, വിടുതൽ അപേക്ഷയോടൊപ്പം സമർപ്പിക്കണം).

അസോസിയേഷന്റെ ഏതെങ്കിലും അലോട്ട്മെന്റിൽ higher option വഴി മറ്റൊരു കോളേജിലേക്ക് മാറിയ അപേക്ഷകർ, പ്രവേശനം റദ്ദ് ചെയ്യാനായി higher option വഴി ഇപ്പോൾ പ്രവേശനം നേടിയിരിക്കുന്ന കോളേജ് പ്രിൻസിപ്പളിൽ നിന്നും No Objection Certificate (NOC) വാങ്ങിയതിനുശേഷം, ആദ്യം പ്രവേശനം നേടിയ കോളേജിൽ ചെന്ന് സർട്ടിഫിക്കറ്റുകളും ഫീസും തിരികെ വാങ്ങേണ്ടതാണ്.

**20-09-2018** **Admission Coordinator**

സംശയങ്ങളും പരാതികളും **admission2018@amcsfnck.com** എന്ന ഇ–മെയിൽ അഡ്രസ്സിലേയ്ക്ക് രണ്ടു ദിവസത്തിനുള്ളിൽ അറിയിക്കുക. **ഇ–മെയിലിൽ Subject–ന്റെ സ്ഥാനത്ത് അപേക്ഷയുടെ നമ്പറും അപേക്ഷകന്റെ പേരും നിർബന്ധമായും ചേർക്കേണ്ടതാണ്.**

കൂടുതൽ വിവരങ്ങൾക്ക് **www.amcsfnck.com** സന്ദർശിക്കുക

**AMCSFNCK Mobile App** GET IT ON Google Play